# Visit of Minister of State for External Affairs Shri V. Muraleedharan to Ghana from 6-7 January 2021

January 07, 2021

---

## വിദേശകാര്യ സഹമന്ത്രി ശ്രീ വി മുരളീധരനറെ ഘാനയിലേക്കുള്ള സന്ദർശനം 2021 ജനുവരി 6-7 തിയ്യതികളിൽ

ജനുവരി 07, 2021

നിലവിൽ 2021 ജനുവരി 6- 7 തിയ്യതികളിൽ ഘാനയിലെ ആക്ര സന്ദർശിക്കുന്ന വിദേശകാര്യ സഹമന്ത്രി ശ്രീ വി മുളരീധാരണ 2021 ജനുവരി 7 നു നടത്തുന്ന പ്രസിഡണ്ട് (തിരഞ്ഞെടുത്ത) നാനാ അഡോ ടാങ്ക്വ അക്ഫോ അഡോ സ്ഥാനമേൽക്കുന്നതിന്റെ ചടങ്ങിൽ പങ്കെടുക്കുന്നതാണ്.സന്ദർശനത്തിനിടയിൽ, വിദേശകാര്യ മന്ത്രി ഘാനയിലെ മലയാളി അസോസിയേഷൻ അംഗങ്ങളുമായി സംസാരിക്കുകയും ഹൈകമ്മിഷണർ സംഘടിപ്പിച്ചിട്ടുള്ള കമ്യൂണിറ്റി റിസപ്ഷനെ അഭിസംബോധന ചെയ്ത സംസാരിക്കുകയും കൂടാതെ ജനുവരി 6 ന് പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ചടങ്ങിനിടയിൽ ഘാനയിലെ ഇന്ത്യൻ കമ്യൂണിറ്റി ഫോറത്തിന് തുടക്കം കുറിക്കുകയും ചെയ്തു. മന്ത്രിയുടെ ബഹുമാനാർത്ഥം ഇന്ത്യൻ ഹൈ കമ്മിഷണർ ആതിഥേയത്വം വഹിച്ച അത്താഴ വിരുന്നിൽ ഘാനയിലെ മുതിർന്ന നേതാക്കളും വിശിഷ്ട വ്യക്തിത്വങ്ങളും പങ്കെടുത്തു. ഘാനയിലെ പ്രസിഡണ്ട് സ്ഥാനമേൽക്കുന്ന ചടങ്ങളിൽ ജനുവരി 7 ന് വിദേശകാര്യ സഹമന്ത്രി പങ്കെടുത്തു. ചടങ്ങിന് ശേഷം വിവിധ തരത്തിലുള്ള പ്രാദേശിക, അന്താരാഷ്ട്ര, ഉഭയകക്ഷി വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് അദ്ദേഹം പ്രസിഡന്റിനെ ക്ഷണിച്ചു. തിരിച്ചു വരുന്നതിനു മുൻപ് ഘാനയിലൂടെ ഇന്ത്യൻ കമ്യൂണിറ്റിയെ പ്രതിനിധീകരിക്കുന്ന ഇന്ത്യൻ അസോസിയേഷൻ ഓഫ് ഘാനയുമായി അദ്ദേഹം സംവദിക്കുന്നതായിരിക്കും.

2. പരസ്പര വിശ്വാസം , വികസന പങ്കാളിത്തം കൂടാതെ ഗണ്യമായ അംഗത്വത്തിലുള്ള ഇന്ത്യൻ പ്രവാസികളുടെ സാനിധ്യം എന്നിവയാൽ ശക്തിപ്പെടുത്തിയ ദൃഢവും, ഊഷ്മളവും, സൗഹാര്ദാപൂർണവുമായ ബന്ധമാണ് ഇന്ത്യയും ഘാനയും തമ്മിലുള്ളത്. അടുത്ത കാലത്ത്, ഘാനയിലെ വിവിധ മേഖലകളിലുള്ള ഇന്ത്യയുടെ ഇടപെടലുകൾ ശ്രദ്ധയാകർഷിച്ചിരുന്നു.2016 ജൂൺ 12 -14 തിയ്യതികളിൽ ഇന്ത്യൻ രാഷ്ട്രപതിയുടെ ഘാന സന്ദർശനവും, 2018 മാർച്ചിൽ ഇന്ററർനാഷണൽ സോളാർ അലിയൻസിന്റെ സ്ഥാപക കോൺഫറൻസ് സംബന്ധിച്ച് പ്രസിഡണ്ട് അക്ഫോ-അഡോ ഇന്ത്യ സന്ദർശിച്ചതും , 2019 മാർച്ചിൽ 14 മത് CII-EXIM ബാങ്ക് കോൺക്ലേവുമായി ബന്ധപ്പെട്ട് ഉപരാഷ്ട്രപതി ഡോ.മഹ്മൂദുബൗമിയയുടെ ഇന്ത്യൻ സന്ദർശനവും ഉൾപ്പടെ നിരവധി ഉന്നതതല സന്ദർശനങ്ങൾ ഇരു രാജ്യങ്ങൾക്കുമിടയിൽ നടന്നിരുന്നു. കാർഷികം, ജലം, ഗതാഗതം, ട്രാൻസ്മിഷൻ ലൈൻ , ഇൻഫ്രാസ്ട്രക്ച്ചർ മുതലായ മേഖലകളിൽ ഘാനയ്ക്ക് 450 മില്യൺ

യു എസ് ഡോളറിന്റെ ലൈൻ ഓഫ് ക്രെഡിറ്റ് ആനുകൂല്യങ്ങൾ ഇന്ത്യ നൽകിയിട്ടുണ്ട്. ഇതിനു പുറമെ, ടെമ പാക്ടാൻ റയിൽ വേയുടെ നിർമാണമുൾപ്പടെയുള്ള നിരവധി നിര്മ്മാണ പ്രോജക്ടുകൾക്കായി ഘാനയ്ക്ക് ഇന്ത്യയിൽ നിന്നും ബയേഴ്സ് ക്രെഡിറ്റ് നൽകിയിട്ടുണ്ട്. ജൂബിലി ഹൗസ്, ഘാന പ്രസിഡന്റ്സ് സെറ്റ്, ICT യിൽ ഇന്ത്യൻ -ഘാന കോഫി അന്നൻ സെന്റർ ഓഫ് എക്സലന്സ്, എന്നിങ്ങനെ നിരവധിമഹത്തായ പ്രോജക്ടുകൾക്ക് ഇന്ത്യ നേതൃത്വം വഹിച്ചിരുന്നു. ഇന്ത്യൻ ടെക്നിക്കൽ & ഇക്കോണോമിക് കോപ്പറേഷൻ (ITEC) പ്രോഗ്രാം, ICCR എഡ്യൂക്കേഷൻ സ്കോളർഷിപ് പ്രോഗ്രാം എന്നിവയുടെ പ്രധാന ഗുണഭോക്താവും കൂടിയാണ് ഘാന. ഉഭയകക്ഷി വ്യാപാരം 2018 -19 ൽ 4.5 ബില്യൺ യു എസ് ഡോളറും 2019 -20 ൽ 2.4 ബില്യൺ യു എസ് ഡോളറും ആയിരുന്നു. ഇന്ത്യ ഘാനയിലെ വൻകിട നിക്ഷപകരിൽ ഒരാൾ കൂടിയാണ്.1994 മുതൽ 2019 വരെ ഘാന സമ്പദ്ഘടനയുടെ വിവിധ മേഖലകളിലായി 730 പ്രോജക്ടുകളിൽ ഇന്ത്യൻ കമ്പനികൾ 1.7 ബില്യൺ യു എസ് ഡോളറുകളിലും മുകളിലാണ് നിക്ഷേപങ്ങൾ നടത്തിയിട്ടുള്ളത്.

3. പ്രസിഡന്റിന്റെ സത്യപ്രതിജ്ഞ ചടങ്ങിലുള്ള ഇന്ത്യൻ വിദേശകാര്യ സഹമന്ത്രിയുടെ സാന്നിധ്യം ഇന്ത്യയും ഘാനയും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിനുള്ള പ്രധാനയമാണ് സൂചിപ്പിക്കുന്നത്. സന്ദർശനം മൂലം, ഇരു രാജ്യങ്ങളിലും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ദൃഢപ്പെടുമെന്നും സഹകരണം മെച്ചപ്പെടുമെന്നും പ്രത്യാശിക്കുന്നു.

**07 ജനുവരി , 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.